LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി പ്രകാരമുള്ള ഹരിതശ്രീ പദ്ധതിയിൻ കീഴിൽ 2014 ജൂൺ 5-ന് രാവിലെ 10.30-നും 11.30-നും ഇടയ്ക്കുള്ള ഒരു മണിക്കൂർ സമയത്തിനുള്ളിൽ സംസ്ഥാനത്തൊട്ടാകെ 19.55 ലക്ഷം വിവിധയിനം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. 2015 വർഷത്തിൽ ഹരിതശ്രീ പദ്ധതി പ്രകാരം വൃക്ഷത്തൈകൾ വിതരണം നടത്തിയിട്ടില്ല.

(ബി) ഹരിതശ്രീ പദ്ധതിയിലൂടെ നട്ടുപിടിപ്പിച്ച വൃക്ഷത്തൈകളുടെ പരിപാലനം ടി പദ്ധതിയിൽ പങ്കാളികളായ വിവിധ സ്ഥാപനങ്ങൾ നിർവ്വഹിച്ചു വരുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇത് മോണിറ്റർ ചെയ്യുന്നതിന് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

നാഷണൽ ഗെയിംസിന് ലഭിച്ച കേന്ദ്ര ധനസഹായം

260 (2004) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നടന്ന മുപ്പത്തി അഞ്ചാമത് നാഷണൽ ഗെയിംസിന് കേന്ദ്ര ധനസഹായമായി ആകെ എത്ര തുക ലഭിക്കുകയുണ്ടായി;

(ബി) സംസ്ഥാന വിഹിതമായി എത്ര തുക ലഭ്യമാക്കി;

(സി) മറ്റ് ഏതെല്ലാം ഏജൻസികളിൽനിന്ന് എത്ര തുക വീതം ലഭിക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ;

(ഡി) മുപ്പത്തി അഞ്ചാമത് നാഷണൽ ഗെയിംസിന്റെ വരവ്-ചെലവ് കണക്കുകൾ ലഭ്യമാക്കുമോ;

(ഇ) വരവ്-ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യുകയുണ്ടായോ;

(എഫ്) ഏത് ഏജൻസിയാണ് ആഡിറ്റ് ചെയ്തത്;

(ജി) ആഡിറ്റ് ഏജൻസി തയ്യാറാക്കിയ ആഡിറ്റ് നിരീക്ഷണങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര ധനസഹായമായി ആകെ 128.78 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന വിഹിതമായി 31-1-2016 വരെ 328.06 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്.

(സി) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് സ്പോൺസർഷിപ്പ് ഇനത്തിൽ 4.08 കോടി രൂപയും കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി കരാർ പ്രകാരം കോർപ്പറേഷൻ നൽകേണ്ട വിഹിതമായ 10.8 കോടി രൂപയിൽ (ആകെ തുകയുടെ 45%) ഇതുവരെ അനുവദിച്ച 8.89 കോടി രൂപയും ലഭ്യമായിട്ടുണ്ട്.

(ഡി) 31-1-2016 വരെ ആകെ വരവ് 472.86 കോടി രൂപയും ആകെ ചെലവ് 459.52 കോടി രൂപയുമാണ്.

(ഇ-ജി) ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ ഇന്റേണൽ ഓഡിറ്ററും സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററും 31-3-2015 വരെയുള്ള കണക്കുകൾ ഓഡിറ്റ് ചെയ്തിട്ടുണ്ട്. കൂടാതെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ടുമെന്റും അക്കൗണ്ടന്റ് ജനറലും 35-ാം ദേശീയ ഗെയിംസിന്റെ സംഘാടനവും അനുബന്ധ പ്രവർത്തനങ്ങളും വരവ്-ചെലവ് കണക്കുകളും വിശദമായ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് നിരീക്ഷണങ്ങൾക്കുള്ള മറുപടി തയ്യാറാക്കിവരുന്നു.

കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വികസന പദ്ധതികൾ

261 (2005) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ നിയോജകമണ്ഡലത്തിൽ സ്പോർട്സ് വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവർത്തികൾ ഏതെല്ലാമെന്നും ആയതിന് വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) പോരൂർ ഗവൺമെന്റ് ടൈബൽ ഹൈസ്കൂളിൽ വിവിധോദ്ദേശ്യ കളിസ്ഥലം 16,20,000 രൂപ ചെലവിൽ നിർമ്മിച്ച് നൽകിയിട്ടുണ്ട്. വയനാട് എസ്. ജെ. എം. ജെ. ഹയർ സെക്കന്ററി സ്കൂളിൽ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് മുഖേന ലോംഗ് ജംപ് പിറ്റ് നിർമ്മിക്കുന്നതിനായി 6 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ഇതുകൂടാതെ കോട്ടത്തറ ഗ്രാമപഞ്ചായത്തിന് പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തി 2.7 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly